INSTITUTE OF MANAGEMENT & INFORMATION TECHNOLOGY LIBRARY

# നെറ്റ്ബോൾ ഒഫീഷ്യൽ ക്ലിനിക് സംഘടിപ്പിച്ചു

കൊരട്ടി: സംസ്ഥാന നെറ്റ്ബോൾ അസോസിയേഷനും കൊരട്ടി നൈപുണ്യ കോളജും സംയുക്തമായി സംസ്ഥാന നെറ്റ്ബോൾ ഒഫീഷ്യൽ ക്ലിനിക് സംഘടിപ്പിച്ചു.

നൈപുണ്യ കോളജിൽ നടന്ന പരിപാടി കോളജ് പ്രിൻസിപ്പാളും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. കെ.ജെ. പോളച്ചൻ ഉദ്ഘാടനം ചെയ്തു. ജില്ലാ നെറ്റ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ബിജു കാവുങ്ങൽ അധ്യക്ഷനായി. കേരള നെറ്റ്ബോൾ അസോസിയേഷൻ സംസ്ഥാന ഭാരവാഹികളായ എസ്. നജുമുദ്ദീൻ, എസ്. ശശിധരൻ നായർ, യു.പി. സാബിറ, അന്നമ്മ ട്രൈറ്റസ്, സംസ്ഥാന നെറ്റ്ബോൾ റഫറീസ് ബോർഡ് ചെയർമാൻ ജൂഡ് ആന്റണി, തൃശൂർ ജില്ലാ നെറ്റ്ബോൾ അസോസിയേഷൻ സെക്രട്ടറി എൽ.ആർ വിനു, കായിക വിഭാഗം മേധാവി പി.എ. ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന നെറ്റ്ബോൾ ടീം സെലക്ടർ പി.പി. ജോസ്മോൻ, സ്പോർട്സ് കൗൺസിൽ പരിശീലകരായ ഗോഡ്സൺ, ടോണി, നൈപുണ്യ കോളജ് പരിശീലകരായ ഡിസിൽ ഡേവിസ്, ജിതിൻ മാത്യു, അലൻ മാത്യു ടോം, ജിബിൻ ജോസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായി.